I/18591/2023

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ
തിരുവനന്തപുരം -695033

നമ്പർ:ബി1/9/2023-സംതിക | തീയതി: 14-02-2023

## സർക്കുലർ

വിഷയം:- സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തിരഞ്ഞെടുപ്പ് - ഭിന്നശേഷിയുള്ള വോട്ടർമാർക്ക് വോട്ടു ചെയ്യുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുന്നത് - നിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സൂചന:- 1) കമ്മീഷന്റെ 05/12/2020 ലെ ബി1/33870/2020/സം.തി.ക നമ്പർ സർക്കുലർ.
2) സംസ്ഥാന ഭിന്നശേഷി കമ്മീഷണറുടെ 27.01.2023 ലെ എസ്1/23/എസ്.സി.പി.ഡബ്ളിയു.ഡി. നമ്പർ കത്ത്

ഭിന്നശേഷിയുള്ള വോട്ടർമാർക്ക് പോളിംഗ് ബൂത്തുകൾ പ്രാപ്യമാണെന്നും തിരഞ്ഞെടുപ്പ് പ്രക്രിയയുമായി ബന്ധപ്പെട്ട എല്ലാ സാമഗ്രികളും അവർക്ക് എളുപ്പത്തിൽ മനസ്സിലാവുന്ന തരത്തിൽ ലഭ്യമാകുന്നുവെന്നും ഭാരത തിരഞ്ഞെടുപ്പ് കമ്മീഷനും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനുകളും ഉറപ്പാക്കണമെന്ന് 2016 ലെ ഭിന്നശേഷി അവകാശ നിയമത്തിലെ 11-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ, സൂചന സർക്കുലർ പ്രകാരം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തിരഞ്ഞെടുപ്പിൽ കാഴ്ച പരിമിതിയുള്ളവരും ശാരീരിക അവശതയുള്ളവരും രോഗബാധിതരും പ്രായമായവരുമായ വോട്ടർമാർക്ക് ക്യൂ ഇല്ലാതെ തന്നെ പോളിംഗ് സ്റ്റേഷനിൽ പ്രവേശിച്ച് വോട്ടുരേഖപ്പെടുത്തുന്നതിന് പ്രിസൈഡിംഗ് ഓഫീസർമാർ പ്രത്യേക സൗകര്യങ്ങൾ ചെയ്തുകൊടുക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ, ഭിന്നശേഷിയുള്ള വോട്ടർമാരുടെ സൗകര്യാർത്ഥം എല്ലാ പോളിംഗ് സ്റ്റേഷനുകളിലും റാമ്പ് സൗകര്യം ഉറപ്പാക്കണമെന്ന് വരണാധികാരികൾക്കും ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്കും കമ്മീഷൻ നിർദ്ദേശം നൽകിയിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ്, കേരള മുനിസിപ്പാലിറ്റി തിരഞ്ഞെടുപ്പ് നടത്തിപ്പ് ചട്ടങ്ങളിലെ ചട്ടം 36 പ്രകാരം അന്ധതയോ അവശതയോ മറ്റ് ശാരീരിക അവശതയോ മൂലം ഒരു സമ്മതിദായകന് ബാലറ്റ് പേപ്പറിലെ ചിഹ്നം തിരിച്ചറിയാനോ പരസഹായം കൂടാതെ വോട്ടു ചെയ്യാനോ കഴിയില്ലെന്ന് പ്രിസൈഡിംഗ് ഓഫീസർക്ക് ബോധ്യമുള്ളപക്ഷം അദ്ദേഹത്തിന്റെ അഭിലാഷപ്രകാരം ഒരു മിത്രത്തെ സഹായിയായി അനുവദിക്കുന്നതിനും നിർദ്ദേശം നൽകിവരുന്നുണ്ട്. കൂടാതെ, സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും വോട്ടെടുപ്പ് ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ ഉപയോഗിച്ച് നടത്തി വരുന്ന സാഹചര്യത്തിൽ അന്ധത/കാഴ്ച പരിമിതിയുള്ള വോട്ടർമാർക്ക് സ്വയം വോട്ട് രേഖപ്പെടുത്താൻ കഴിയുന്ന വിധത്തിൽ ബാലറ്റ് യൂണിറ്റിൽ ബ്രെയിലി ലിപി ആലേഖനം ചെയ്തിട്ടുമുണ്ട്.

മേൽ വിവരിച്ച സാഹചര്യത്തിൽ, തദ്ദേശസ്ഥാപനങ്ങളിലേയ്ക്ക് നടത്തുന്ന പൊതുതിരഞ്ഞെടുപ്പിലും ഉപതിരഞ്ഞെടുപ്പുകളിലും പോളിംഗ് സ്റ്റേഷനുമായി നിശ്ചയിച്ചിട്ടുള്ള കെട്ടിടത്തിൽ അന്ധതയോ ശാരീരിക അവശതയോ ഉള്ള വോട്ടർമാർക്ക് പോളിംഗ് ബൂത്തിൽ പ്രവേശിക്കുന്നതിന് കഴിയുന്ന വിധത്തിൽ റാമ്പ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടെന്ന് ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥനും വരണാധികാരികളും ഉറപ്പാക്കേണ്ടതാണ്. കൂടാതെ, അത്തരം

I/18591/2023

വോട്ടർമാർക്ക് ക്യൂ ഇല്ലാതെ തന്നെ പോളിംഗ് സ്റ്റേഷനിൽ പ്രവേശിച്ച് വോട്ടുചെയ്യുന്നതിന് ബന്ധപ്പെട്ട പ്രിസൈഡിംഗ് ഓഫീസർമാർ പ്രത്യേകം സൗകര്യം ചെയ്തു കൊടുക്കേണ്ടതാണ്. അന്ധതയോ കാഴ്ച പരിമിതിയോ ഉള്ള വോട്ടർമാർക്ക് സ്വയം വോട്ട് രേഖപ്പെടുത്താൻ കഴിയുന്ന വിധത്തിൽ ബാലറ്റ് യൂണിറ്റിൽ യൂണിറ്റിന്റെ വലതു വശത്തു ബ്രെയിലി ലിപി ഉൾപ്പെടുത്തിയിട്ടുണ്ടെന്ന വിവരം സ്ഥാനാർത്ഥികളുടെയും വോട്ടർമാരുടെയും രാഷ്ട്രീയ പാർട്ടികളുടെയും ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

Signed by
A.santhosh
Date: 14-02-2023 15:35:03

A.SANTHOSH
SECRETARY

എല്ലാ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കും
എല്ലാ വരണാധികാരികൾക്കും ഉപവരണാധികാരികൾക്കും

പകർപ്പ് -

ബന്ധപ്പെട്ട പ്രിസൈഡിംഗ് ഓഫീസർമാർക്ക്
എല്ലാ നോഡൽ ഓഫീസർമാർക്കും
സെക്ഷൻ / ഫയൽ

'ജനഹിതം', റ്റി.സി. 27/6(2), വികാസ്ഭവൻ പി.ഒ., തിരുവനന്തപുരം 695033,
ഫോൺ :0471-2325048(അഡ്മിനിസ്ട്രേഷൻ ),0471-2337884(ഇലക്ഷൻ )
e-mail:cru.sec@kerala.gov.in,website:www.sec.kerala.gov.in